GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

04-07-2021

## 1. 2020 ലെ കൃഷിവകുപ്പിന്റെ സംസ്ഥാനതല കർഷകഭാരതി, ഹരിതമുദ്ര അവാർഡുകൾക്ക് നോമിഷേനുകൾ ക്ഷണിച്ചു

സംസ്ഥാനത്തെ മികച്ച കാർഷികപത്രപ്രവർത്തകർക്കു സംസ്ഥാന സർക്കാർ നൽകുന്ന കർഷകഭാരതി അവാർഡിനും മികച്ച കാർഷിക പരിപാടിയ്ക്ക് നൽകുന്ന ഹരിതമുദ്ര അവാർഡിനും നോമിനേഷനുകൾ ക്ഷണിച്ചു. കർഷകഭാരതി അവാർഡ് അച്ചടി, ദൃശ്യ, നവമാധ്യമം എന്നീ മൂന്ന് വിഭാഗങ്ങളായാണ് നൽകുന്നത്. ദൃശ്യം, ശ്രവ്യം, ഓൺലൈൻ മാധ്യമം, ഡോക്യുമെന്ററി/ടെലിഫിലിം നിർമ്മാതാവ് എന്നീ വിഭാഗങ്ങളിലായാണ് ഹരിതമുദ്ര അവാർഡ് നൽകുന്നത്. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷയും അനുബന്ധ രേഖകളും ഈ മാസം 6 (ജൂലൈ 6) നകം "പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം- 695003" എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. അവാർഡുകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ **www.fibkerala.gov.in, www.keralaagriculture.gov.in_** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

## 2. കാർഷികയന്ത്രവൽക്കരണ ഉപപദ്ധതി

കാർഷിക യന്ത്രങ്ങൾക്ക് 40 മുതൽ 80 ശതമാനം വരെ സബ്സിഡി നൽകി യന്ത്രവൽകൃതകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോട കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) യിൽ ജൂലൈ ഒന്നു മുതൽ ഓൺലൈനായി അപേക്ഷിക്കാം.. https://agrimachinery.nic.in/index എന്ന വെബ്സൈററിൽ കൂടി ഇതിനുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. പട്ടികജാതി-പട്ടികവർഗ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മുൻഗണനയുണ്ട്. കൂടുതൽ വിവരങ്ങൾക്കായി **8075251014**, **9895440373**, **9383471799** എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

**അറിയിപ്പ്**

3. **കൃഷി വകുപ്പിന്റെ പെരിന്തൽമണ്ണ ബ്ലോക്കിലെ** കൃഷി ഭവനുകളുടെ കീഴിൽ വിൽപ്പനയ്ക്കായി വാഴ, കിഴങ്ങു വർഗ്ഗങ്ങൾ, പച്ചക്കറികൾ, തേൻ എന്നിവ കൃഷി ചെയ്യുന്ന കർഷകർക്കായി പെരിന്തൽമണ്ണ കാർഷക ഉത്പാദക കമ്പനി രൂപീകരണം നടന്നു വരുന്നു. ആയതിനാൽ പ്രസ്തുത കൃഷിഭവനുകൾക്ക് കീഴിൽ വാഴ, പച്ചക്കറികൾ, കിഴങ്ങു വർഗ്ഗങ്ങൾ, തേൻ എന്നിവ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തു വരുന്ന എല്ലാ കർഷകരും അതാത് കൃഷിഭവനുകളുമായി ബന്ധപ്പെട്ട് അവിടങ്ങളിൽ രൂപീകരിച്ചുകൊണ്ടിരിക്കുന്ന ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകളിൽ അഥവാ എഫ്.ഐ.ജി കളിൽ അംഗങ്ങളാകേണ്ടാതാണെന്ന് പെരിന്തൽമണ്ണ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

**ഓൺലൈൻ പരിശീലന പരിപാടികൾ**

4. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** ഈ മാസം 6-ന് കന്നുകാലി വളർത്തൽ, 7-ന് കന്നുകാലികളിലെ അകിട് വീക്കം, തൈലേറിയ, മറ്റ് രക്താണുരോഗങ്ങൾ- പ്രതിരോധവും പ്രതിവിധിയും, 14-ന് കാടവളർത്തൽ, 21-ന് മുട്ടക്കോഴി വളർത്തൽ, 28-ന് പോത്തുക്കുട്ടി പരിപാലനം എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. 9188522708.

5. **കോട്ടയം ക്ഷീരവികസന പരിശീലന കേന്ദ്രത്തിൽ** വച്ച് ഈ മാസം 5- ന് (05-07-2021) രാവിലെ 11 മുതൽ ക്ഷീരസംഘം പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർക്ക് വേണ്ടിയും 8-ന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്ക് വേണ്ടിയും ഗൂഗിൾ മീറ്റ് മുഖേന പരിശീലന പരിപാടി നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **0481-2302223.**

6. **കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്ര**ത്തിൽ വച്ച് ഈ മാസം 8,9 തീയതികളിൽ മുട്ടക്കോഴിവളർത്തൽ, 15,16 തീയതികളിൽ മുയൽവളർത്തൽ, 22-ന് പോത്ത് വളർത്തൽ, 27-ന് കാട വളർത്തൽ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **0471-2732918, 9188522701.**

7. **കേരള വെറ്ററിനറി സർവകലാശാലയുടെ** വിജ്ഞാനവ്യാപന വിഭാഗം ജൂലൈ 5 മുതൽ 7 വരെ **പോത്ത് വളർത്തൽ സംരംഭം, കർഷകർ ശ്രദ്ധിക്കേണ്ടത്,** 8 മുതൽ 15 വരെ **വാണിജ്യാടിസ്ഥാനത്തിലുള്ള പന്നിവളർത്തൽ ഒരു തൊഴിൽ സംരംഭം** എന്നീ വിഷയങ്ങളിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462.**

## 8. കാർഷികസർവകലാശാലയുടെ വിളപരിപാലന നിർദ്ദേശങ്ങൾ

- മഴക്കാലത്തെ അധികമുള്ള വെള്ളം തെങ്ങിൻ തൊട്ടത്തിൽ തന്നെ പിടിച്ചു നിർത്താൻ ചെറിയ കുഴികൾ കുഴിച്ചിടാവുന്നതാണ്. ചെറുതൈകൾ കാറ്റിൽ മിറഞ്ഞു വീഴാതിരിക്കാൻ താങ്ങുകൾ കൊടുക്കക്കാൻ ശ്രമിക്കണം.

- വാഴയിൽ കുല വരുന്ന സമയത്ത് ആവശ്യമായ താങ്ങു കൊടുത്ത് കാറ്റിൽ നിന്നുണ്ടാകുന്ന നാശനഷ്ടം ഒഴിവാക്കാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

- ഇഞ്ചിയിൽ ഇപ്പോഴത്തെ അന്തരീക്ഷാവസ്ഥയിൽ മൂടുചീയൽ രോഗം വരാനുള്ള സാധ്യത ഉള്ളതിനാൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുകയോ തടത്തിൽ ഒഴിച്ചു കൊടുക്കുകയോ ചെയ്യാം. മൃദുചീയൽ രോഗമുണ്ടാകാനുള്ള സാധ്യതയുണ്ട്. രോഗത്തെ ചെറുക്കാൻ ട്രൈക്കോഡെർമ, സ്വീഡോമോണാസ് കൾചറുകൾ ഉപയോഗിക്കുക. നാറ്റപ്പൂച്ചെടി ഉപയോഗിച്ച് പുതയിടുകയാണെങ്കിൽ തണ്ടുതുരപ്പന്റെ ശല്യം കുറഞ്ഞു കിട്ടും.

- ഒരു ഹെക്ടർ കാപ്പിക്ക് 85 കിലോ റോക്ക് ഫോസ്ഫേറ്റ് 66 കിലോ പൊട്ടാഷ് എന്ന തോതിൽ വളപ്രയോഗം നടത്താവുന്നതാണ്.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം